15.	കൊല്ലംകോട്	10000	"	14000 "
16.	ചൊവ്വര	700	"	2600 "
		5100	"	9000 "
		16000	"	19000 മീ.
		ആന്റ് ടെയിലെൻഡ് വരെ.		

(ബി) 1,83,52,655 രൂപ.

(സി) ഉണ്ട്.

(ഡി) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ചേർപ്പ് മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ പുരോഗതി

24 (174) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പു നിയോജകമണ്ഡലത്തിൽ പൂത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

(ബി) ഈ പദ്ധതി എന്ന് പൂർത്തിയാകും ;

(സി) ഈ പദ്ധതിക്കായി ചെലവഴിച്ച സംഖ്യ എത്രയാണ് ; പണി പൂർത്തിയാകുമ്പോൾ എത്രയായിരിക്കും ചെലവ് എന്ന് വ്യക്തമാക്കാമോ ;

(ഡി) വല്ലച്ചിറ, മൂക്കുസ് ലിഫ്റ്റ് ഇറിഗേഷനുകൾ ഈ വർഷം നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) ഈ രണ്ട് പദ്ധതികൾ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) നബാർഡിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ഈ വർഷം ആരംഭിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെ ആണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത സ്കീമിന്റെ പമ്പ് ഹൗസിന്റെ പണി, പമ്പ് സെറ്റ് സ്ഥാപിക്കൽ, വൈദ്യുതീകരണപണികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. സക്ഷൻ, ഡെലിവറി ലയിലനുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ ഏർപ്പാടാക്കിയിട്ടുണ്ട്. ഈ പണിയും ലീഡിംഗ് ചാനലിന്റെ പണിയും ചെയ്തു തീർക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുകയും ചെയ്താൽ ഈ സ്കീം പൂർത്തീകരിക്കാവുന്നതാണ്.

(ബി) 2000-ാം മാണ്ട് ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുവരെ 17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പണികൾ പൂർത്തിയാകുമ്പോൾ 35 ലക്ഷം രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവ ഈ വർഷം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) നബാർഡ് സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ഈ വർഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല.

ഇടിഞ്ഞുപോകുന്ന പുഴയോരഭാഗം ഭിത്തി കെട്ടണമെന്ന ആവശ്യം

25 (175) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മണിയൂർ, അട്ടകുണ്ട് പാലത്തിനോട് ചേർന്ന കാട്ടിലക്കോവുമമൻ പ്രദേശത്ത് പുഴയോരഭാഗം മഴക്കാലത്ത് ഇടിഞ്ഞു പോകുന്നതിനാൽ ഭിത്തി കെട്ടി സംരക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്ത കാരണം പണി നടത്തുവാൻ സാധിച്ചിട്ടില്ല.

പാടിപ്പുഴയിൽ ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മാണം

26 (176) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാടിപ്പുഴയിൽ ഒരു ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ പഞ്ചായത്തിൽ പാടിപ്പുഴയ്ക്ക് കുറുകെ ഒരു പാലത്തോടുകൂടിയ ഉപ്പുവെള്ള നിരോധന അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള 113 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

കുമ്പഴ പാലത്തിന്റെ കര ഇടിഞ്ഞുള്ള ഭീഷണി

27 (177) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന്റെ താഴെ ഭാഗം ഇടിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly